**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6375** **10-07-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ, കാരോട് ഗ്രാമപഞ്ചായത്തുകളിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ, കാരോട് ഗ്രാമപഞ്ചായത്തുകളിൽ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ വകുപ്പ് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും ഓരോ പ്രവൃത്തിയ്ക്കും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ? | (എ) | സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ, കാരോട് ഗ്രാമപഞ്ചായത്തുകളിൽ 2020-21 വർഷത്തിൽ Theeramythri Micro Enterprises Project പദ്ധതിക്കും 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ Alternative & Supportive Livelihood Opportunity to fisherwomen of Kerala പദ്ധതിയ്ക്കും ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)**<br><br>2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. സംരംഭങ്ങളുടെ സുസ്ഥിര നിലനിൽപ്പിനായി പലിശ രഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഇമ്പ്രൂവ്മെന്റ്, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ, ബ്രാന്റിംഗ് & മാർക്കറ്റിങ്ങ്, യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ, കമ്മ്യൂണിറ്റി വെൽനെസ്സ് പ്രോഗ്രാം എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്**<br><br>തലച്ചുമടായി മത്സ്യം വിൽക്കുന്നവരും പീലിങ്, മത്സ്യ അനുബന്ധ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുമായ മത്സ്യത്തൊഴിലാളി വനിതകളെ കൊള്ളപ്പലിശക്കാരുടെയും പണമിടപാടു കാരുടെയും ഭീമമായ പലിശയിൽ നിന്ന് മുക്തരാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകിവരുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് തുടർഘട്ടങ്ങളിൽ ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നു. വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.<br><br>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) മുഖേന കാരോട് ഗ്രാമപഞ്ചായത്തിൽ 24 വ്യക്തിഗത ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി 15/06/2021 ൽ അനുമതി നൽകിയിരുന്നു. എന്നാൽ നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| **പഞ്ചായത്ത്** | **പദ്ധതി** | **2020-21** | | | **2021-22** | | | **2022-23** | | |
|---|---|---|---|---|---|---|---|---|---|---|
| | | **യൂണിറ്റുകള ഉടെ എണ്ണം** | **ഗുണഭോക്താക്കളുടെ എണ്ണം** | **അനുവദിച്ച തുക** | **യൂണിറ്റുക ളഉടെ എണ്ണം** | **ഗുണഭോക്താക്കളുടെ എണ്ണം** | **അനുവദിച്ച തുക** | **യൂണിറ്റുകള ◌ുടെ എണ്ണം** | **ഗുണഭോക്ത ◌ാക്കളുടെ എണ്ണം** | **അനുവദിച്ച തുക** |
| കുളത്തൂർ | ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം | 1 | 4 | 48221 | .. | .. | .. | 2 | 8 | 225750 |
| | പലിരഹിത റിവോൾവിംഗ് ഫണ്ട് വികസനം | .. | .. | .. | 1 | 2 | 25000 | 3 | 8 | 90000 |
| | ഗ്രാജ്ജുവേറ്റിങ്ങ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് (പലിശ സബ്സിഡി) | .. | .. | .. | .. | .. | .. | 4 | 10 | 20187 |
| | ടെക്നോളജ ◌ി | .. | .. | .. | .. | .. | .. | 4 | 11 | 138135 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ഇപ്രൂവ്മെൻറ് | | | | | | | | | |
| | ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് | 4 | 20 | 850000 | 11 | 55 | 2150000 | 3 | 15 | 450000 |
| കാരോട് | ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം | 1 | 4 | 397148 | 3 | 10 | 991882 | 1 | 4 | 400000 |
| **ആകെ** | | **6** | **28** | **1295369** | **15** | **67** | **3166882** | **17** | **56** | **1324072** |